# 'സുവിശേഷത്തിൽ പങ്കാളികളാകുക'

## സങ്കീർത്തനം 105:1

''യഹോവയ്ക്കു സ്തോത്രം ചെയ്വിൻ; തൻ നാമത്തെ വിളിച്ചപേക്ഷിപ്പിൻ; അവന്റെ പ്രവൃത്തികളെ ജാതികളുടെ ഇടയിൽ അറിയിപ്പിൻ.''

ഇന്ന് നാം ആയിരിക്കുന്ന ഈ ലോകത്ത് സുവിശേഷ ഘോഷണത്തിന് വളരെയേറെ പ്രാധാന്യം ഉണ്ടെന്ന് ഈ വാക്യം നമ്മെ ഓർമ്മപ്പെടുത്തുന്നു. ജാതികളുടെ ഇടയിൽ സുവിശേഷം എത്തിക്കുക എന്നത് വളരെ അനിവാര്യമെന്ന് വി.പൗലോസ് റോമർക്കെഴുതിയ ലേഖനത്തിൽ നമ്മെ പ്രബോധിപ്പിക്കുന്നു. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും എന്നു തിരുവചനം പറയുമ്പോൾ ക്രിസ്തുവിനെ അറിഞ്ഞിട്ടില്ലാത്ത ജാതികൾ എപ്രകാരം രക്ഷ നേടും?

**Romans 10:19** ൽ ഇപ്രകാരം പറയുന്നു. എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ഇപ്രകാരം പറയുന്നതിലൂടെ അപ്പോസ്താലൻ നമ്മെയും സുവിശേഷഘോഷണത്തിനായി ആഹ്വാനം ചെയ്യുന്നു. ''ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും, ഏകശരീരസ്ഥരും, വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം'' (എഫെസ്യർ 3:6) എന്നുള്ള മർമ്മം അപ്പൊസ്തൊലന്മാർക്കും, പ്രവാചകന്മാർക്കും ആത്മാവിൽ വെളിപ്പെട്ടതിനാൽ അവർ അതിനായ് പരിശ്രമിച്ചു. എന്നാൽ ഇപ്പോൾ കൊയ്ത്തു വളരെയുണ്ട്, വേലക്കാരോ ചുരുക്കം. ആകയാൽ നാം ഓരോരുത്തരും ഇത് നമ്മുടെ കടമയായി ഏറ്റെടുക്കണം. യഹൂദൻ എന്നോ യവനൻ എന്നോ വ്യത്യാസമില്ലാതെ, വിശ്വസിക്കുന്ന ഏവനും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനം ആകുന്നു **(Romans 10:4)** അല്പം പ്രയാസമേറിയതെങ്കിലും ഈ വസ്തുത നമുക്കു ചുറ്റുമുള്ള ജാതികളോട് നാം അറിയിക്കണം.

നമുക്ക് വളരെയധികം സമയം ഉണ്ടെന്ന് കരുതുന്നത് തെറ്റാണ്. ഈ ഭൂമിയിലായിരിക്കുന്ന ഓരോ നിമിഷവും നമുക്ക് വിലയേറിയതാണെന്ന സത്യം മനസ്സിലാക്കി അത് തക്കത്തിൽ ഉപയോഗിക്കേണ്ടതാണ്. സമയം ഒരിക്കൽ നഷ്ടപ്പെട്ടാൽ പിന്നീട് അത് തിരിച്ചു ലഭിക്കില്ല. അതുകൊണ്ട് അത് ദൈവത്തെ അറിയാത്ത ജാതികളുടെ ഇടയിൽ അവന്റെ പ്രവൃത്തികളെക്കുറിച്ച് പറയുവാൻ നാം ഇനിയും മടിച്ചു നിൽക്കരുത്.

യഹോവയിൽ ആശ്രയിച്ച് അവന്റെ നാമത്തെ വിളിച്ചപേക്ഷിച്ച് ജീവിപ്പാൻ ദൈവം നമുക്ക് കൃപ തരുമാറാകട്ടെ.

പരാമർശം :

മത്തായി 28:19

ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ.

മർക്കോസ് 16:15

പിന്നെ അവൻ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ.

സിസ്റ്റർ ലീന ഈപ്പൻ കല്ലൂപ്പാറ 002